# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 206 | 14.07.2016 - ലെ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികുതി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, പി.ഉബൈദുള്ള<br>,, റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.ടി.എം.തോമസ് ഐസക് .<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | ചരക്ക സേവന നികുതി (ജി.എസ്.ടി) ഒരു പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാലും സേവനങ്ങൾക്കുമേലുള്ള നികുതി സംസ്ഥാനത്തിന് ലഭിക്കുമെന്നതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി അനുകൂലമാണ്. |
| (ബി) | ഈ നിയമം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയിൽ ഏത് തരത്തിലുള്ള പ്രത്യാഘാതമാണ് ഉണ്ടാകാൻ പോകുന്നത് എന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) & (സി) | കേരളത്തിന്റെ സാമ്പത്തികരംഗം സേവന മേഖലയിൽ അധിഷ്ഠിതമാണ്. നിലവിൽ കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന സേവന നികുതി വരുമാനത്തിൽ നല്ല വളർച്ച ഉണ്ടായിട്ടുണ്ട്. ജി.എസ്.ടി യിൽ ചരക്കുകളും പണവും അല്ലാത്തതെല്ലാം തന്നെ സേവനമാണ്.<br>ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ സംസ്ഥാനത്തിലെ ഉപഭോഗനിരക്ക് രാജ്യത്തിന്റെ തന്നെ ഉയർന്ന നിരക്കുകളിലൊന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിൽ വരുമ്പോൾ |
| (സി) | ഈ നിയമം നടപ്പിലാക്കുന്നതു വഴിയുണ്ടാകുന്ന സാമ്പത്തിക പ്രത്യാഘാതങ്ങളെ നേരിടുന്നതിന് സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സേവന മേഖലയ്ക്ക് മേൽ പ്രാപ്യസ്ഥാനാധിഷ്ഠിത തത്ത്വപ്രകാരം സംസ്ഥാനത്തിന് നികുതി ചുമത്താവുന്നതാണ്. സേവന മേഖലയ്ക്ക് നികുതി ചുമത്തുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. |

Rhealy

**സെക്ഷൻ ഓഫീസർ**